# വിദ്യാരംഗം കലാസാഹിത്യവേദി

## 2015-2016 സാഹിത്യ ശില്പശാല യു.പി. വിഭാഗം

### ക്ലാസ് തലം

### ഒക്ടോബർ 15 മുതൽ ഒക്ടോബർ 25 വരെ

എല്ലാ വിദ്യാലയങ്ങളിലും ഒക്ടോബർ 15 മുതൽ ഒക്ടോബർ 25 വരെയുള്ള ദിവസങ്ങളിലായി ക്ലാസ് തല ശില്പശാലകൾ സംഘടിപ്പിക്കേണ്ടതാണ്. പ്രധാനാധ്യാപകന്റെ നേതൃത്വത്തിൽ പി.ടി.എ. യും എസ്.ആർ.ജി.യും സംയുക്തമായി സ്കൂൾ വിദ്യാരംഗത്തിന്റെ നേതൃത്വത്തിൽ ക്യാമ്പിന്റെ സംഘാടനം നിർവഹിക്കണം.

ക്ലാസിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തിയാണ് ശില്പശാല സംഘടിപ്പിക്കേണ്ടത്. ക്ലാസ്സ് തലം നടത്തുന്നതിന്റെ ചുമതല പൂർണ്ണമായും ക്ലാസ്സധ്യാപകൻ ഏറ്റെടുക്കേണ്ടതാണ്.

മൊഡ്യൂളിൽ നിർദ്ദേശിച്ചിരിക്കുന്ന സാമഗ്രികൾ ക്ലാസടിസ്ഥാനത്തിൽ മുൻകൂട്ടി ഉറപ്പുവരുത്തേണ്ടതാണ്.

ക്ലാസ്തല ശില്പശാലയിൽ സർഗ്ഗാത്മകമായി വിവിധമേഖലകളിൽ മികവു പ്രകടിപ്പിക്കുന്ന 3 കുട്ടികളെ വീതമാണ് സ്കൂൾതല ശില്പശാലയിൽ പങ്കെടുപ്പിക്കേണ്ടത്.

ക്ലാസ്തല ശില്പശാലയിലെ സാഹിത്യസൃഷ്ടികൾ സമാഹരിച്ച് പുസ്തകരൂപത്തിലാക്കി പ്രദർശിപ്പിക്കേണ്ടതാണ്.

### വിഭാഗം ഒന്ന് (സമയം 40 മിനിട്ട്)

തായിത്തതിന്താരോ
തിനതിന്തിതാനതിന്താരോ (2) (അനുബന്ധം -1)

എന്ന നാടൻ പാട്ട് എഴുതിയ ചാർട്ട് ക്ലാസിൽ അധ്യാപകൻ പ്രദർശിപ്പിക്കുന്നു. നാടൻ പാട്ടിന്റെ സത്ത ഉൾക്കൊണ്ടുകൊണ്ട് അധ്യാപകൻ ഈണത്തിൽ പാട്ട് അവതരിപ്പിക്കുന്നു. കുട്ടികൾ ഏറ്റുപാടുന്നു(ഐ.സി.റ്റി സാധ്യത പ്രയോജനപ്പെടുത്താവുന്നതാണ്.)

തുടർന്ന് വൈവിധ്യമാർന്ന ചോദ്യങ്ങളിലൂടെ അധ്യാപകൻ ചർച്ചചെയ്യുന്നു

(ഭാഷയുടെ പ്രത്യേകതകൾ /പ്രാദേശിക ഭേദങ്ങൾ / സാമൂഹിക പ്രസക്തി, മിത്ത്, ഈണം, താളം, ഭാവം, ശൈലി, വായ്ത്താരി ഇവയിലൂന്നിയായിരിക്കണം ചർച്ച നടത്തേണ്ടത്)

അധ്യാപകൻ ചർച്ച ക്രോഡീകരിക്കുന്നു

കുട്ടികൾക്കറിയാവുന്ന നാടൻപാട്ടുകൾ പാടാനും അതോടൊപ്പം അവതരിപ്പിക്കുന്ന പാട്ടുകളെ വിശകലനം ചെയ്യാനും അവസരം നൽകുന്നു.

പരിപാടിയുടെ ഓരോ ഘട്ടത്തിലും സൂചകങ്ങളുടെ കൃത്യമായ വിലയിരുത്തൽ നടത്തേണ്ടതാണ്.

നാടൻ പാട്ടുകൾ ശേഖരിക്കുന്നതിനും പുസ്തകമാക്കിമാറ്റുന്നതിനുമുള്ള നിർദ്ദേശങ്ങൾ അധ്യാപിക നൽകുന്നു.

മികച്ച 3 വിദ്യാർത്ഥികളെയാണ് സ്കൂൾ തലത്തിലേക്ക് തിരഞ്ഞെടുക്കേണ്ടത്.

**സൂചകങ്ങൾ**

ആലാപന മികവ്

ഭാവം

താളം

നാടൻപാട്ടിന്റെ തനിമ

നാടൻ പാട്ടുകളെകുറിച്ചുള്ള അറിവ്

## കഥ

## വിഭാഗം രണ്ട് (സമയം 40 മിനിട്ട്)

ക്ലാസ്സ് തല പ്രവർത്തനങ്ങൾക്കായി ഒരുക്കിയിട്ടുള്ള കഥാസമാഹാരങ്ങൾ അധ്യാപിക കുട്ടിക്ക് പരിചയപ്പെടുത്തുന്നു.

തുടർന്ന് ഈ സമാഹാരങ്ങളിലെ ചില കഥകൾ ക്ലാസ്സിൽ വിതരണം ചെയ്യുന്നു.

കുട്ടിക്ക് വായിക്കാനുള്ള സമയം നൽകേണ്ടതാണ്.

| | | |
|---|---|---|
| വാങ്ക | - | ചെക്കോവ് |
| കമേഴ്സ്യൽ ബ്രേയ്ക്ക് | - | അംബിക സുതൻ മങ്ങാട് |
| പന്ത്രണ്ടാം മണിക്കൂർ | - | വി.പി. ശിവകുമാർ |
| ഒട്ടുചെടി | - | സി.വി. ശ്രീരാമൻ |
| ചെട്ടിപൂക്കൾ | - | കോവിലൻ |
| ശേഖൂട്ടി | - | ടി. പത്മനാഭൻ |

| | | |
|---|---|---|
| പൊതിച്ചോറ് | - | കാരൂർ |
| കടൽത്തീരത്ത് | - | ഒ.വി. വിജയൻ |
| ശബ്ദിക്കുന്ന കലപ്പ | - | പൊൻകുന്നം വർക്കി |
| മിനിക്കഥ | - | പി.കെ. പാറക്കടവ് |
| വീടിന്റെ നാനാർത്ഥം | - | എസ്.വി. വേണുഗോപൻ നായർ |
| ലോല | - | പി. പത്മരാജൻ |
| കുമുദാംശുവൃക്ഷത്തിലെ പൂവ് | - | സന്തോഷ് എച്ചിക്കാനം |

വായിച്ച കഥകളുടെ ആശയം ഉൾക്കൊണ്ട് കഥ അവതിപ്പിക്കാനുള്ള അവസരം നൽകുന്നു.

## കവിത

## <u>വിഭാഗം മൂന്ന് (സമയം 1 മണിക്കൂർ)</u>

കുട്ടികൾക്ക് മലയാള സിനിമാഗാനങ്ങളിലും നാടകഗാനങ്ങളിലും ചിലത് കേൾക്കാനുള്ള അവസരം അധ്യാപകൻ ഒരുക്കുന്നു. വ്യത്യസ്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക. സി.ഡി., മൊബൈൽ, മികച്ച ഗായകരായ കുട്ടികളുടെയോ/അധ്യാപകരുടെയോ സഹായം തേടാവുന്നതാണ്.

പെരിയാറേ പെരിയാറേ..........................................................(വയലാർ)
ഒരു വട്ടം കൂടിയെൻ മേയുന്ന ..........................................(ഒ.എൻ.വി.)
കരിമുകിൽക്കാട്ടിലെ രജനിതൻ വീട്ടിലെ................(പി. ഭാസ്ക്കരൻ)
നാളികേരത്തിന്റെ നാട്ടിലെനിക്കൊരു .................... (പി. ഭാസ്ക്കരൻ)
മാരിവില്ലിൻ തേൻമലരേ മാഞ്ഞുപോകയോ മാഞ്ഞുപോകയോ...
തലയ്ക്കുമീതെ ശൂന്യാകാശം. താഴെ.......
ഇല്ലിമുളം കാടുകളിൽ അല്ലലും പാടിവരും തെന്നലേ.... (തുടങ്ങിയ നാടക ഗാനങ്ങൾ)

കൂടുതൽ പാട്ടുകൾ ഉൾപ്പെടുത്താവുന്നതാണ് (അനുബന്ധം 2)

## ചർച്ചയുടെ ക്രോഡീകരണം

ഈ കവികളുടെ കുറച്ച് കവിതകൾ കൂടി അധ്യാപകൻ പരിചയപ്പെടുത്തുന്നു. (അനുബന്ധം 3)

മാടവനപ്പറമ്പിലെ ചിത (വയാർ)
കൃഷ്ണപക്ഷത്തിലെ പാട്ട് (ഒ.എൻ.വി.)
ലളിതം (പി.പി. രാമചന്ദ്രൻ)
വാഴക്കുല (ചങ്ങമ്പുഴ)
പഠിപ്പ് (വീരാൻകുട്ടി)
തോരാമഴ (റഫീക്ക് അഹമ്മദ്)
പഥികന്റെ പാട്ട് (ജി. ശങ്കരക്കുറുപ്പ്)
പൂതപ്പാട്ട് (ഇടശ്ശേരി)

നേരത്തേ തയ്യാറാക്കി വച്ചിരിക്കുന്ന കവിതകൾ അധ്യാപകൻ ക്ലാസ്സിൽ വിതരണം ചെയ്യുന്നു.
കിട്ടിയ കവിതകൾ വായിച്ച് ഈണം, ഭാവം, ആശയം എന്നിവ കുട്ടികൾ തിരിച്ചറിയട്ടെ (എല്ലാ കവിതകളും കുട്ടികൾ വായിച്ചു എന്ന് അധ്യാപകൻ ഉറപ്പുവരുത്തേണ്ടതാണ്.
കേട്ട സിനിമാ നാടക ഗാനങ്ങളെക്കുറച്ചും കവിതകളെകുറിച്ചും ചർച്ച ചെയ്യുക

ലഘു ചോദ്യങ്ങളിലൂടെ അധ്യാപകൻ ചർച്ച നയിക്കുന്നു.
ഇത്തരം പാട്ടുകൾ മുൻപ് കേട്ടിട്ടുണ്ടോ ?
പുതിയ പാട്ടുകളാണോ/പഴയപാട്ടുകളാണോ ഇഷ്ടം ?
ചർച്ചയുടെ ക്രോഡീകരണം
ഓരോ സിനിമാ ഗാനത്തിലും പ്രധാനമായി പരാമർശിക്കപ്പെട്ടിട്ടുള്ള /ആശയം/വിഷയം/വികാരം/എന്തൊക്കെയാണ്.
അധ്യാപകൻ അത് പട്ടികരൂപത്തിൽ തയ്യാറാക്കുന്നു
തുടർന്ന് വിദ്യാർത്ഥികളുടെ താൽപര്യമനുസരിച്ച് മേൽപറഞ്ഞ വിഷയത്തെ അടിസ്ഥാനമാക്കി സ്വതന്ത്ര രചനയ്ക്കുള്ള അവസരം നൽകുന്നു.
കുട്ടികൾ രചനയിലേർപ്പെടുന്നു

## മേഖല

**കഥ - കവിത- ചിത്രരചന**

താൽപര്യമുള്ള കുട്ടികൾക്ക് കവിതകൾ ചൊല്ലാനുള്ള അവസരം നൽകുന്നു.

ഈ ഘട്ടത്തിൽ സ്കൂൾതലത്തിലെ കാവ്യാലാപനത്തിലേക്കുള്ള മികച്ച 3 കുട്ടികളെ കണ്ടെത്തേണ്ടതാണ്.

## സൂചകങ്ങൾ

**കാവ്യാലാപനം**

അക്ഷരസ്ഫുടത
അർത്ഥമറിഞ്ഞ് വാക്കുകൾ മുറിക്കാനുള്ള കഴിവ്,
ഭാവാത്മകമായ ആലാപനം
കാവ്യാലാപനം

കഥ - വിഷയവുമായുള്ള ബന്ധം
ലളിതമായ ആഖ്യാനം, ഭാഷ, കഥയുടെ ക്രമാനുഗതമായ വളർച്ച,
സമയം, സ്ഥലം, കാലം/ ഇവ തമ്മിലുള്ള ബന്ധം.

കവിത - വിഷയബന്ധം
ഭാഷാപരമായ മികവ്
ചമൽക്കാര ഭംഗി
ആശയതലം

ചിത്രരചന - വിഷയവുമായുള്ള ബന്ധം
വ്യക്തത, സമഗ്രത, പെയിന്റിംഗിലുള്ള പ്രാവീണ്യം, പൂർണ്ണത

സൂചകങ്ങളുടെ അടിസ്ഥാനത്തിൽ കഥ, കവിത, ചിത്രരചന എന്നീ മേഖലകളിലേക്കുള്ള മികച്ച 3 കുട്ടികളെ വീതം സ്കൂൾ തലത്തിലേക്ക് തിരഞ്ഞെടുക്കേണ്ടതാണ്.

## പുസ്തക ചർച്ച

## <u>വിഭാഗം നാല്</u>

കുട്ടികൾ വിവിധ വിഭാഗങ്ങളിലായി നാടൻ പാട്ടുകൾ, സിനിമാഗനങ്ങൾ, കവിതകൾ, കഥകൾ എന്നിവ പിരചയപ്പെട്ടിട്ടുണ്ട്.

ആസ്വാദനതലത്തിലേക്ക് കുട്ടിയെ ഉയർത്തുന്നതിനായി 5, 6, 7 ക്ലാസ്സുകളിലെ മലയാള പാഠപുസ്തകത്തിലെ അധികവായനയ്ക്കുള്ള പുസ്തകങ്ങൾകൂടി പരിഗണിക്കപ്പെടേണ്ടതാണ്. വ്യത്യസ്ത സാഹിത്യ ശാഖകളിലുള്ള പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നതിനാണിത്. (അനുബന്ധം - 4)

ക്യാൻസർവാർഡിലെ ചിരി (ഇന്നസെന്റ്)
മയിൽപ്പീലി സ്പർശം (അഷിത)
ഓടയിൽനിന്ന് (പി. കേശവദേവ്)
ഹിമവാന്റെ മടിത്തട്ടിൽ (രാജൻ കാക്കനാട്)
ടോട്ടോച്ചാൻ

കുട്ടികൾ വായിച്ച പുസ്തകങ്ങളുടെ പട്ടിക അധ്യാപകൻ തയ്യാറാക്കുന്നു. ഏറ്റവും സ്വാധീനിച്ച ഒരു പുസ്തകത്തെകുറിച്ച് തൽസമയം കുറിപ്പ് തയ്യാറാക്കാൻ ആവശ്യപ്പെടുന്നു. (അധ്യാപകൻ കുറിപ്പ് സമാഹരിക്കേണ്ടതാണ്.)

താൽപ്പര്യമുള്ള വിദ്യാർത്ഥികൾക്ക് പുസ്തകപരിചയം നടത്താനുള്ള അവസരം നൽകുന്നു.

അവർ പരിചയിച്ച പുസ്തകങ്ങളിൽ ചർച്ച. (യാന്ത്രികമായ ചോദ്യങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്)

വായിച്ച പുസ്തകങ്ങളുടെ എണ്ണം, അവതരണശൈലി, ചർച്ചയിലെ പങ്കാളിത്തം, എഴുത്തിലെ മികവ് ഇതിന്റെ അടിസ്ഥാനത്തിലാവണം. 3 വിദ്യാർത്ഥികളെ സ്കൂൾ തല പരിപാടിയിലേക്ക് തിരഞ്ഞെടുക്കേണ്ടത്.

# സ്കൂൾതലം

**സംഘാടനം**

കേരളത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും ഒക്ടോബർ 25-ന് മുൻപായി മൊഡ്യൂൾ അനുസരിച്ച് സ്കൂൾതല ശില്പശാല സംഘടിപ്പിക്കേണ്ടതാണ്.

വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ മുഖ്യരക്ഷാധികാരി, ഹെഡ്മാസ്റ്റർ എന്നിവരും, പി.ടി.എ, എസ്.ആർ.ജി. ജനപ്രതിനിധികളും ചേർന്നാണ് സ്കൂൾതല ശില്പശാല സംഘടിപ്പിക്കേണ്ടത്.

ഓരോ ശില്പശാലയിലും പരമാവധി 50 കുട്ടികളെയാണ് പങ്കെടുപ്പിക്കേണ്ടത്.

ഓരോ ശില്പശാലയിലും മൊഡ്യൂൾ വിനിമയം ചെയ്യാൻ കഴിവുള്ള അധ്യാപകരെയാണ് ഈ ചുമതല ഏൽപ്പിക്കേണ്ടത്.

ആവശ്യമെങ്കിൽ പ്രാദേശികമായി കിട്ടാവുന്ന വിദഗ്ധരെ ക്ഷണിക്കാവുന്നതാണ്.

ഒരു ദിവസം പൂർണ്ണമായും ശില്പശാലയ്ക്കായി ഉപയോഗിക്കേണ്ടതാണ്.

പങ്കെടുക്കുന്ന കുട്ടികൾക്ക് ക്ലാസ്സ്റൂം പ്രവർത്തനത്തിന്റെ ഭാഗമായി സ്വതന്ത്രമായ രചനകൾ അവതരിപ്പിക്കാനുള്ള അവസരം നൽകണം.

വിദ്യാരംഗം കലാസാഹിത്യവേദിയുടെ സ്കൂൾതല കോ-ഓർഡിനേറ്റർ ക്ലാസ്സിന്റെ വിശദവിവരങ്ങൾ വിദ്യാരംഗം ബുള്ളറ്റിൻ ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.

സി.ഡി.യിലെ സാഹിത്യകാരന്മാരുടെ അഭിമുഖങ്ങൾ, കവിതകൾ, സിനിമാ ഗാനങ്ങൾ നാടകഗാനങ്ങൾ എന്നിവ ഉചിതമായ സന്ദർഭങ്ങളിൽ പഠന സഹായിയായി ഉപയോഗിക്കാവുന്നതാണ്.

ശിൽപശാലയിലെ സാഹിത്യസൃഷ്ടികൾ സമാഹരിച്ച് പുസ്തകരൂപത്തിൽ തയ്യാറാക്കേണ്ടതാണ്. ഈ പതിപ്പ് ഉപജില്ലാതല ശില്പശാലയിലേക്ക്കൊണ്ടുപോകേണ്ടതാണ്.

ശില്പലശാലയിലെ കുട്ടിയുടെ പ്രകടനം, രചനകളുടെ മികവ് എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ മേഖലയിൽ നിന്നും 2 കുട്ടികളെ വീതം ഉപജില്ലാതലത്തിലേക്ക് തിരഞ്ഞെടുക്കേണ്ടതാണ്.

## ഉദ്ഘാടനം

പുതുമയാർന്നതും ലളിതവുമായ രീതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളുടെ പങ്കാളിത്തത്തോടെ ഉദ്ഘാടനം നിർവഹിക്കേണ്ടതാണ്.

**വിഭാഗം - 1**

മധുരിക്കും ഓർമ്മകളെ
മലർമഞ്ചൽ കൊണ്ടുവരൂ
കൊണ്ടുപോകൂ ഞങ്ങളെയാ മാഞ്ചുവട്ടിൽ
മാഞ്ചുവട്ടിൽ.....

ഈ നാടക ഗാനം വിദ്യാർത്ഥികൾക്ക് കേൾക്കാനുള്ള അവസരം നൽകുന്നു. തുടർന്ന് അധ്യാപകനും വിദ്യാർത്ഥികളും ഏറ്റുപാടുന്നു.

ഗാനം ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കേണ്ടതാണ്. (8 വരി)

ക്ലാസ്തല ശില്പശാലകളിൽ വ്യത്യസ്ത സിനിമാഗാനങ്ങളും നാടക ഗാനങ്ങളും കുട്ടികൾ പരിചയപ്പെട്ടിട്ടുണ്ട്.

**വിഭാഗം -2**

മുൻകൂട്ടി തയ്യാറാക്കി വച്ചിരിക്കുന്ന അനുബന്ധത്തിനുള്ള വായനമാമഗ്രികൾ (കഥകൾ, കവിതകൾ, കുട്ടികളുടെ രചനകൾ, ചിത്രങ്ങൾ, ലേഖനങ്ങൾ, ആസ്വാദനക്കുറിപ്പുകൾ) - എന്നിവ കുട്ടികളുടെ താൽപര്യത്തിനനുസരിച്ച് കണ്ടെത്തുകയും വായിക്കാനുള്ള അവസരം നൽകുകയും ചെയ്യുന്നു. (അധ്യാപകർ ഉചിതമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്)

സാഹിത്യകൃതികൾ, ചിത്രങ്ങൾ, സിനിമാഗാനങ്ങൾ, സിനിമകൾ, തുടങ്ങിയവ കുട്ടികൾക്ക് പലതരത്തിലുള്ള അനുഭവതലങ്ങൾ ഒരുക്കിയിട്ടുണ്ട്.

ഒരു നല്ല കഥ കേൾക്കുമ്പോൾ, കവിത കേൾക്കുമ്പോൾ, സിനിമ കാണുമ്പോൾ, പാട്ടുകേൾക്കുമ്പോൾ, വായനയിലേർപ്പെടുമ്പോൾ, എല്ലാം വിവിധങ്ങളായ വികാര വിചാരങ്ങൾ കുട്ടികളിൽ ഉള്ളവാക്കിയിട്ടുണ്ട് (ചർച്ച)

അധ്യാപകന്റെ അവതരണം

(അനുബന്ധം -5 സംഗീതം കേൾക്കുമ്പോൾ എന്റെ മനസ്സിന് കുളിർമയാണ് എ.പി.ജെ.അബ്ദുൾ കലാം)

തന്റെ വായനാനുഭവത്തിൽ നിന്ന് ഉളവായ വികാര വിചാരങ്ങൾ വസ്തുനിഷ്ഠമായി കുട്ടികൾ അവതരിപ്പിക്കുന്നു.

അധ്യാപകൻ അത് എഴുതി പട്ടികയാക്കുന്നു.

മേൽ എഴുതിയ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടികൾ രചനയുടെ വിവിധ മേഖലകളിൽ ഏർപ്പെടുന്നു.

കഥ, കവിത, ചിത്രം, പുസ്തകാസ്വാദനം എന്നീ മേഖലകളിലാണ് രചനകൾ നടത്തേണ്ടത്.

(രചനയിലേർപ്പെടുന്ന വിദ്യാർത്ഥികൾക്ക് മറ്റൊരു ക്ലാസ് മുറി ഒരുക്കേണ്ടതാണ്....രചനയുടെ അന്തരീക്ഷവും)

നാടൻപാട്ട്, കാവ്യാലാപനം എന്നീ മേഖലകളിലെ വിദ്യാർത്ഥികൾ പരിപാടി നടക്കുന്ന സ്ഥലത്തുതന്നെ ഉണ്ടാകേണ്ടതാണ്. ഈ അവസരത്തിൽ വിദ്യാർത്ഥികൾക്ക് നൽകിയ വ്യത്യസ്ത കവിതകൾ /നാടൻപാട്ടുകൾ എന്നിവ അവതരിപ്പിക്കാൻ അവസരം നൽകുന്നു.

ക്ലാസ്തലത്തിലുണ്ടായ അതേ സൂചകങ്ങളനുസരിച്ച് ഉപജില്ലാതലത്തിലേക്കുള്ള 2 വിദ്യാർത്ഥികളെ കണ്ടെത്തേണ്ടതാണ്.

**<u>വിഭാഗം -3 (സമയം 1 മണിക്കൂർ)</u>**

സ്വതന്ത്ര രചനയിലേർപ്പെട്ട കുട്ടികളുടെ കഥകൾ, കവിതകൾ, പുസ്തകാസ്വാദനക്കുറിപ്പുകൾ, ചിത്രവായന, കാവ്യാലാപനം എന്നിവ ഇടകലർത്തി നടത്തേണ്ടതാണ്.

ഈ അവസരത്തിൽത്തന്നെ അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് രചനകളെല്ലാം സമാഹരിച്ച് പുസ്തകം തയ്യാറാക്കേണ്ടതാണ്.

വ്യത്യസ്തങ്ങളായ പ്രകടനങ്ങൾ ഇടകലർത്തി നടത്തേണ്ടതാണ്. കുട്ടികളുടെ അവതരണങ്ങളെ യഥാസമയം അധ്യാപകനും മറ്റു പങ്കാളികളും വിലയിരുത്തേണ്ടതാണ്. തുടർന്ന് ക്ലാസ്തലത്തിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ട നാടൻപാട്ട് വിഭാഗത്തിലെ കുട്ടികൾ അവർക്കറിയാവുന്ന നാടൻപാട്ടുകൾ, അവയുടെ കാലം, മിത്ത്, പുരാവൃത്തം, സാമൂഹികപശ്ചാത്തലം എന്നിവ പറഞ്ഞ് അവതരിപ്പിക്കുന്നു. ക്ലാസ്തലത്തിൽ നടന്ന അതേ രീതിയിൽത്തന്നെ വിലയിരുത്തൽ നടത്തി സബ്ജില്ലാതലത്തിലെ നാടൻ പാട്ട് വിഭാഗത്തിലേക്കുള്ള രണ്ട് കുട്ടികളെ കണ്ടെത്തേണ്ടതാണ്.

തുടർന്ന് നടത്തുന്ന സമാപന പരിപാടി ലളിതവും പുതുമയുള്ളതുമായിരിക്കണം. പ്രസ്തുത പരിപാടിയിൽ കുട്ടികൾക്കുള്ള പങ്കാളിത്ത സാക്ഷ്യപത്രം വിതരണം ചെയ്യേണ്ടതാണ്.

## തുടർപ്രവർത്തനം

ക്ലാസ്തല, സ്കൂൾതല പരിപാടികൾ ശില്പശാലയോടെ അവസാനിക്കാതെ സ്കൂളുകളിൽ സാഹിത്യ സാംസ്ക്കാരിക പരിപാടികളുടെ ഒരു തുടർച്ച ഉറപ്പുവരുത്തേണ്ടതാണ്. വായനയും അനുബന്ധങ്ങളും സ്കൂൾ വർഷം മുഴുവൻ കാര്യക്ഷമമായി നടക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഗ്രന്ഥശാലയും വായനയും തമ്മിലുള്ള ബന്ധം സജീവമാക്കുക. അമ്മ വായനപോലുള്ള പരിപാടികൾ കാര്യക്ഷമമാക്കുക. കഥകളെ കവിതകളാക്കുക, കവിതകളെ ചൊൽക്കാഴ്ചകളാക്കുക, നാടകീദകരണത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക തുടങ്ങിയ വ്യവഹാരങ്ങളെ പരസ്പരം ഉദ്ഗ്രഥിതമായി സമീപിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, പ്രാദേശികമായി സമീപിക്കാൻ കഴിയുന്ന സാഹിത്യകാരന്മാരെ അടുത്തറിയാനുള്ള അവസരങ്ങൾ ഒരുക്കുക, നാട്ടുഭാഷ, പ്രയോഗങ്ങൾ, നാട്ടറിവുകൾ, നാടൻ രുചിഭേദങ്ങൾ തുടങ്ങിയവ കണ്ടെത്താനും ശേഖരിക്കുവാനുള്ള ഇടം കണ്ടെത്തുക തുടങ്ങി ധാരാളം പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ സംഘടിപ്പിക്കാനുള്ള ശ്രമങ്ങൾ ഈ പരിപാടികളുടെ തുടർച്ചയായി ഉണ്ടാവേണ്ടതാണ്.

*********